# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/170/2018 2018 ആഗസ്റ്റ് 04

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പ്രത്യേക അലോട്ട് മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ഈ മാസം 6 മുതൽ 7 വരെ; എസ്.സി./എസ്.ടി. സ്പെഷ്യൽ അലോട്ട് മെന്റ് ആഗസ്റ്റ് 10ന് പ്രസിദ്ധീകരിക്കും**

എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. ഇതിനായി ഈ മാസം 6 മുതൽ 7 വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്.സി./എസ്.ടി. അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട് മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലിക്കേഷൻ നമ്പർ പുതുതായി ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പരായിരിക്കും. ലോഗിൻ ചെയ്തശേഷം അപേക്ഷകന് താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സപ്ലിമെന്ററി അലോട്ട് മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ ആഗസ്റ്റ് 6ന് പ്രസിദ്ധീകരിക്കും. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ആഗസ്റ്റ് 10ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷന് www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പ്രത്യേക അലോട്ട്മെന്റ് സ്പോട് അലോട്ട്മെന്റല്ല. ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ ക്ലാസ്സുകൾ ആഗസ്റ്റ് 6ന് ആരംഭിക്കും.

**പ്രാക്ടിക്കൽ**

മൂന്നാം സെമസ്റ്റർ എം.സി.എ. (ലാറ്ററൽ എൻട്രി - സ്പെഷ്യൽ ബാച്ച്) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 6 മുതൽ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ഡി.ഡി.എം.സി.എ. മെയ്/ജൂൺ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 6 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രത്യേക അടിയന്തിര സെനറ്റ് യോഗം ആഗസ്റ്റ് 8ന്**

വൈസ് ചാൻസലറുടെ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിനായി സെനറ്റിന്റെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റിന്റെ ഒരു

പ്രത്യേക അടിയന്തിര യോഗം ആഗസ്റ്റ് 8ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ നടക്കും.

**പഠനവൈകല്യം തിരിച്ചറിയുന്നതിനും പരിഹാര ബോധനത്തിനും ഗവേഷണഫലങ്ങൾ ഉപയോഗപ്പെടുത്തണം - പ്രൊഫ. സാബു തോമസ്**

കുട്ടികളിലെ പഠനവൈകല്യം കണ്ടെത്തുന്നതിനും അവർക്ക് പരിഹാരബോധനം നടത്തുന്നതിനും ഗവേഷണഫലങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസും 'സ്പെൽ' ലേണിംഗ് സപ്പോർട്ട് സെന്ററും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന ശില്പശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഠന പ്രശ്നങ്ങളും പഠനവൈകല്യങ്ങളും ഒന്നാണെന്ന് ധരിക്കുകയും ഒരേപോലെ പരിഗണിക്കപ്പെടുകയും ചെയ്യുന്ന രീതി ഇപ്പോഴും തുടർന്നുപോകുന്നത് അവസാനിപ്പിക്കണമെന്നും ഈ മേഖലയിൽ സർവ്വകലാശാലകളിൽ നടത്തിയ ഗവേഷണഫലങ്ങൾ സമൂഹത്തിൽ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഉദ്ഘാടന ചടങ്ങിൽ ഡോ. ആനിയമ്മ മാത്യു മുഖ്യ പ്രഭാഷണം നടത്തി. അദ്ധ്യാപകർക്ക് ശരിയായ പരിശീലനം, രക്ഷിതാക്കളുടെ സജീവമായ പങ്കാളിത്തം, വൈകല്യം നേരത്തെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ എന്നിവ പരിഹാര ബോധനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണെന്ന് ഡോ. ആനിയമ്മ വ്യക്തമാക്കി.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, സ്പെൽ ലേണിംഗ് സപ്പോർട്ട് സെന്റർ ഡയറക്ടർ ഹാഷിം അൽക്ക എന്നിവർ സംസാരിച്ചു. ഐഡന്റിഫിക്കേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലേണിംഗ് പ്രോബ്ലംസ് ആന്റ് ലേണിംഗ് ഡിസെബിലിറ്റീസ് എന്ന വിഷയത്തെ അധികരിച്ചുകൊണ്ടുള്ള ശില്പശാല ഞായറാഴ്ച സമാപിക്കും.

**അടിക്കുറിപ്പ്**

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിന്റെയും സ്പെൽ ലേണിംഗ് സപ്പോർട്ട് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**